compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 12
Tuesday, 12th August 2025

1200 കർക്കടകം 27
27th Karkadakam 1200

1947 ശ്രാവണം 21
21st Sravana 1947

വാല്യം 14
Vol. XIV

നമ്പർ **32**
No.

Part III

Revenue Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Thiruvananthapuram District

തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ANU KUMARI IAS)

(1)

നമ്പർ DCTVM/11216/2024-B20. 2025 ജൂലൈ 23.

വിഷയം :— ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിന്മേലുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

വായന:—(1) ശ്രീ. യാഹിയാഖാൻ & ശ്രീമതി മുബീന എന്നിവർ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

(2) നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 19-5-2025-ലെ RDO-NDD/1647/2024-J നമ്പർ കത്ത്.

നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 36-ൽ റീസർവ്വെ നമ്പർ 545/3-2, 545/2-2-1 എന്നിവയിൽ ഉൾപ്പെട്ട വസ്തുവിന് നിശ്ചയിച്ചിട്ടുള്ള ന്യായവില കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾ 1995 പ്രകാരം പുനഃപരിശോധിച്ച് കുറവു ചെയ്ത് നൽകുന്നതിനായി ശ്രീ. യാഹിയാഖാൻ & ശ്രീമതി മുബീന എന്നിവർ വായന (1) പ്രകാരം ഈ കാര്യാലയത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു. നിലവിലെ റിക്കാർഡുകൾ പ്രകാരം, അപേക്ഷാ വസ്തുവിനെ മൂന്നാം ഗണത്തിൽ (Residential Plot with Corporation/Municipality/Panchayath Road Access) ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആർ ഒന്നിന് ₹ 5,00,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതായും ആയത് നാളതു വർദ്ധനവോടെ ₹ 13,20,000 ആയിട്ടുള്ളതായും കണ്ടെത്തി. തുടർന്ന് കക്ഷിയുടെ അപേക്ഷയിൻമേൽ, നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് വായന (2) പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 36-ൽ റീസർവ്വെ നമ്പർ 545/3-2, 545/2-2-1 എന്നിവയിൽ ഉൾപ്പെട്ട വസ്തുക്കൾ, 13298 നമ്പർ തണ്ടപ്പേർ പ്രകാരം അപേക്ഷകരുടെ കൈവശത്തിലും, കരം തീരുവയിലുമാണെന്നും, അപേക്ഷ ഭൂമിയുടെ സമാന സമീപ വസ്തുക്കളായി റീസർവ്വെ 514/22-ൽ ഉൾപ്പെട്ട ഭൂമിയെ പരിഗണിക്കാമെന്നും, അതുപ്രകാരം അപേക്ഷ വസ്തുവിനെ മൂന്നാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആർ ഒന്നിന് ₹3,63,637 (മൂന്നു ലക്ഷത്തി അറുപത്തി മൂവായിരത്തി അറുന്നൂറ്റി മുപ്പത്തി ഏഴ് രൂപ)-ം ആയത് നാളത് വർദ്ധനവോട് കൂടി ആർ ഒന്നിനു ₹9,60,002 (ഒൻപത് ലക്ഷത്തി അറുപതിനായിരത്തി രണ്ട് രൂപ) ന്യായവില നിശ്ചയിക്കാമെന്നും വായന (2) ശിപാർശ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

തുടർന്ന് അപ്പീൽ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി അപ്പീൽ കക്ഷിയെ 17-7-2025-ൽ നേരിൽ കേൾക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബന്ധപ്പെട്ട രേഖകളും റിക്കാർഡുകളും പരിശോധിച്ചതിൻ പ്രകാരവും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ വായന (2) റിപ്പോർട്ട് പരിഗണിച്ചും വായന (1) അപ്പീൽ അപേക്ഷയിന്മേൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 36-ൽ റീസർവ്വെ നമ്പർ 545/3-2, 545/2-2-1 എന്നിവയിൽ ഉൾപ്പെട്ട വസ്തുവിന്റെ ന്യായവില പുനർനിർണ്ണയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വായന (1) പ്രകാരം ശ്രീ. ജോൺ & ശ്രീമതി ലിസിക്കുട്ടി എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ചും, നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 36-ൽ റീസർവ്വെ നമ്പർ 545/3-2, 545/2-2-1 എന്നിവയിൽ ഉൾപ്പെട്ട വസ്തുവിനെ Residential Plot with Corporation/Municipality/Panchayath Road Access എന്ന മൂന്നാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആർ ഒന്നിന് ₹3,63,637 (മൂന്നു ലക്ഷത്തി അറുപത്തി മൂവായിരത്തി അറുന്നൂറ്റി മുപ്പത്തി ഏഴ് രൂപ)-ം ആയത് നാളത് വർദ്ധനവോടു കൂടി ആർ ഒന്നിന് ₹9,60,002 (ഒൻപത് ലക്ഷത്തി അറുപതി നായിരത്തി രണ്ട് രൂപ) ന്യായവില നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(2)

നമ്പർ DCTVM/11531/2024-B20. 2025 ജൂലൈ 10.

വിഷയം :— ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിന്മേലുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

വായന:—(1) ശ്രീമതി മാധവി അമ്മ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

(2) നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 19-5-2025-ലെ RDO-NDD/1711/2024-J നമ്പർ കത്ത്.

നെടുമങ്ങാട് താലൂക്കിൽ വിതുര വില്ലേജിൽ സർവ്വെ നമ്പർ 3339-ൽപ്പെട്ട 1 ഹെക്ടർ 2 ആർ വസ്തുവിനു നിശ്ചയിച്ചിട്ടുള്ള ന്യായവില കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾ 1995 പ്രകാരം പുനഃപരിശോധിച്ചു കുറവ് ചെയ്തു നൽകുന്നതിനായി ശ്രീമതി മാധവി അമ്മ വായന (1) പ്രകാരം ഈ കാര്യാലയത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു. നിലവിലെ റിക്കാർഡുകൾ പ്രകാരം, അപേക്ഷാ വസ്തുവിനെ ഏഴാം ഗണത്തിൽ (Garden Land without Road Access) ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആർ ഒന്നിന് ₹1,58,400 ന്യായവില നിശ്ചയിച്ചിട്ടുള്ളതായും, ആയത് നാളതു വർദ്ധനവോടെ ₹4,18,176 ആയിട്ടുള്ളതായും കണ്ടെത്തി. തുടർന്ന് കക്ഷിയുടെ അപേക്ഷയിൻമേൽ, നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും, ആയത് വായന (2) പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

നെടുമങ്ങാട് താലൂക്ക് വിതുര വില്ലേജിൽ സർവ്വെ നമ്പർ 3339-ൽപ്പെട്ട 1 ഹെക്ടർ 2 ആർ വസ്തു 1291-ാം നമ്പർ തണ്ടപ്പേർ പ്രകാരം അപേക്ഷാ കക്ഷിയുടെ കൈവശത്തിലും കരം തീരുവയിലുമാണെന്നും, ടി വസ്തുവിന് ₹5,00,000 കമ്പോളവില ഉള്ളതാണെന്നും, അപേക്ഷാ ഭൂമിയുടെ സമാന സമീപ വസ്തുക്കളായി പരിഗണിച്ചിട്ടുള്ള സർവ്വെ നമ്പർ 423, 424, 426, 130/2 എന്നിവയിൽപ്പെട്ട വസ്തുക്കളെ ആറാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ₹20,000-ം, നാളത് വിലയായി ₹52,800-ം ന്യായവില നിശ്ചയിച്ചിട്ടുള്ളതിനാൽ അപേക്ഷാ വസ്തുവിനെയും ഏഴാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ₹20,000 (ഇരുപതിനായിരം രൂപ)-ം, നാളത് വിലയായി ₹52,800 (അൻപത്തി രണ്ടായിരത്തി എണ്ണൂറ് രൂപ)-ം ന്യായവില വായന (2) ശിപാർശ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

തുടർന്ന് അപ്പീൽ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി അപ്പീൽ കക്ഷിയെ 21-6-2025-ൽ നേരിൽ കേൾക്കുകയും, മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബന്ധപ്പെട്ട രേഖകളും റിക്കാർഡുകളും പരിശോധിച്ചതിൻ പ്രകാരവും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ വായന (2) റിപ്പോർട്ട് പരിഗണിച്ചും വായന (1) അപ്പീൽ അപേക്ഷയിന്മേൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

നെടുമങ്ങാട് താലൂക്ക് വിതുര വില്ലേജിൽ സർവ്വെ നമ്പർ 3339-ൽപ്പെട്ട 1 ഹെക്ടർ 2 ആർ വസ്തുവിന്റെ ന്യായവില പുനർനിർണ്ണയിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വായന (1) പ്രകാരം ശ്രീമതി മാധവി അമ്മ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ചും, നെടുമങ്ങാട് താലൂക്ക്, വിതുര വില്ലേജിൽ സർവ്വെ നമ്പർ 3339-ൽപ്പെട്ട 1 ഹെക്ടർ 2 ആർ വസ്തുവിനെ Garden Land Without Road Access എന്ന ഏഴാം ഗണത്തിൽ ഉൾപ്പെടുത്തി ആറൊന്നിന് ₹ 20,000 (ഇരുപതിനായിരം രൂപ)-ം ആയത് നാളതു വർദ്ധനവോടുകൂടി ആറൊന്നിന് ₹ 52,800 (അൻപത്തി രണ്ടായിരത്തി എണ്ണൂറ് രൂപ)-ം ന്യായവില നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(3)

നമ്പർ DCTVM/8465/2025-B20. 2025 ജൂലൈ 23.

വിഷയം :— ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിന്മേലുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

വായന:—(1) ശ്രീ. സനൽ കുമാർ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

(2) നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 16-5-2025-ലെ RDO-NDD/842/2025-J നമ്പർ കത്ത്.

നെടുമങ്ങാട് താലൂക്കിൽ പാങ്ങോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീസർവ്വെ നമ്പർ 489/22-ൽപ്പെട്ട വസ്തുവിനു നിശ്ചയിച്ചിട്ടുള്ള ന്യായവില കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾ 1995 പ്രകാരം പുനഃപരിശോധിച്ചു നൽകുന്നതിനായി ശ്രീ. സനിൽകുമാർ വായന (1) പ്രകാരം ഈ കാര്യാലയത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു. സ്വഭാവ വ്യതിയാനം നടത്തിയ അപേക്ഷാ വസ്തുവിന്റെ ക്ലാസ്സിഫിക്കേഷൻ, ടി വസ്തുവിന്റെ തരം മാറ്റുന്നതിന് മുൻപും, ശേഷവും ഒന്നു തന്നെ (3-ാം ഗണം) ആയതിനാൽ പുനർ നിർണ്ണയ വിഭാഗത്തിൽ ഉൾപ്പെടുത്തി ന്യായവില പുനർ നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് നെടുമങ്ങാട് ആർ.ഡി.ഒ വായന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

നെടുമങ്ങാട് താലൂക്കിൽ പാങ്ങോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീസർവ്വെ നമ്പർ 489/22-ൽ പ്പെട്ട 2.00 ആർ വസ്തുവിന് 2010 പ്രാബല്യത്തിൽ ആർ ഒന്നിന് ₹ 60,000 ന്യായവില നിശ്ചയിച്ചിരുന്നു. ആയത് പുനർ നിർണ്ണയിച്ച് നൽകുന്നതിനാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയതിന്മേൽ ആർ.ഡി.ഒ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ, അപേക്ഷാ വസ്തു 8537-ാം നമ്പർ തണ്ടപ്പേർ പ്രകാരം അപേക്ഷാ കക്ഷികളുടെ കൈവശത്തിലും കരം തീരുവയിലും ആണെന്നും പ്രാദേശിക അന്വേഷണത്തിൽ, ടി വസ്തുവിന് ആറ് ഒന്നിന് ₹ 5,00,000 വരെ കമ്പോളവില ഉള്ളതായി കാണുന്നുവെന്നും ടി ഭൂമിയുടെ സമീപ സമാന വസ്തുവായ റീസർവ്വെ നമ്പർ 485/5-ൽ ഉൾപ്പെട്ട വസ്തുവിനെ 3-ാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആറൊന്നിന് ₹ 72,000-ടെ നാളത് വിലയായ ₹ 1,90,080 ന്യായവില നിശ്ചയിച്ച് നൽകിയിട്ടുള്ളതിനാൽ അപേക്ഷാ വസ്തുവിനെ 3-ാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ₹ 72,000-ം നാളത് വിലയായ ₹ 1,90,080 ന്യായവില പുനർനിർണയിച്ച് നൽകാവുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തുടർന്ന് അപ്പീൽ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി അപ്പീൽ കക്ഷിയെ 16-7-2025-ൽ നേരിൽ കേൾക്കുകയും, മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബന്ധപ്പെട്ട രേഖകളും റിക്കാർഡുകളും പരിശോധിച്ചതിൻ പ്രകാരവും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ വായന (2) റിപ്പോർട്ട് പരിഗണിച്ചും വായന (1) അപ്പീൽ അപേക്ഷയിന്മേൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

നെടുമങ്ങാട് താലൂക്കിൽ പാങ്ങോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീസർവ്വെ നമ്പർ 489/22-ൽപ്പെട്ട 2.00 ആർ വസ്തുവിന്റെ ന്യായവില പുനർനിർണ്ണയിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വായന (1) പ്രകാരം ശ്രീ. സനിൽ കുമാർ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ചും, നെടുമങ്ങാട് താലൂക്കിൽ പാങ്ങോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീസർവ്വെ നമ്പർ 489/22-ൽപ്പെട്ട 2.00 ആർ വസ്തുവിനെ Residential Plot with Corporation/Municipality/ Panchayath Road Access എന്ന മൂന്നാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ₹ 72,000 (എഴുപത്തി രണ്ടായിരം)-ം ആയത് നാളത് വർദ്ധനവോടുകൂടി ₹ 1,90,080 (ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി എൺപത്)-ം ന്യായവില നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(4)

നമ്പർ DCTVM/5680/2025-B20. 2025 ജൂലൈ 23.

വിഷയം :— ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിന്മേലുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

വായന:—(1) ശ്രീ. ജോൺ & ശ്രീമതി ലിസിക്കുട്ടി എന്നിവർ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

(2) നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 31-8-2024-ലെ RDO-NDD/211/2023-J നമ്പർ കത്ത്.

നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലജിൽ ബ്ലോക്ക് നമ്പർ 36-ൽ റീസർവ്വേ നമ്പർ 782/28-ൽ ഉൾപ്പെട്ട വസ്തുവിന് നിശ്ചയിച്ചിട്ടുള്ള ന്യായവില കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾ 1995 പ്രകാരം പുനഃപരിശോധിച്ച് കുറവ് ചെയ്തു നൽകുന്നതിനായി ശ്രീ. ജോൺ & ശ്രീമതി ലിസിക്കുട്ടി എന്നിവർ വായന (1) പ്രകാരം ഈ കാര്യാലയത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു. നിലവിലെ റിക്കാർഡുകൾ പ്രകാരം അപേക്ഷാ വസ്തുവിനെ മൂന്നാം ഗണത്തിൽ Residential Plot with Corporation/Municipality/Panchayath Road Access ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആറൊന്നിന് ₹ 10,00,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതായും ആയത് നാളത് വർദ്ധനവോടെ ₹ 26,40,000 ആയിട്ടുള്ളതായും കണ്ടെത്തി. തുടർന്ന് കക്ഷിയുടെ അപേക്ഷയിന്മേൽ നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും, ആയത് വായന (2) പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 36-ൽ റീസർവ്വേ നമ്പർ 782/28-ൽ ഉൾപ്പെട്ട വസ്തു 15520 നമ്പർ തണ്ടപ്പേർ പ്രകാരം അപേക്ഷകരുടെ കൈവശത്തിലും കരം തീരുവയിലുമാണെന്നും, അപേക്ഷ ഭൂമിയുടെ സമാന സമീപ വസ്തുക്കളായി റീസർവ്വേ 789/16-ൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉൾപ്പെട്ട ഭൂമിയെ പരിഗണിക്കാമെന്നും, അതുപ്രകാരം അപേക്ഷാ വസ്തുവിനെ മൂന്നാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആറൊന്നിന് ₹ 2,34,375 (രണ്ടു ലക്ഷത്തി മുപ്പത്തി നാലായിരത്തി മുന്നൂറ്റി എഴുപത്തി അഞ്ച് രൂപ)-ം ആയത് നാളത് വർദ്ധനവോടുകൂടി ആറൊന്നിന് ₹ 6,18,750 (ആറു ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ) ന്യായവില നിശ്ചയിക്കാമെന്നും വായന (2) ശിപാർശ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

തുടർന്ന് അപ്പീൽ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി അപ്പീൽ കക്ഷിയെ 3-7-2025-ൽ നേരിൽ കേൾക്കുകയും, മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബന്ധപ്പെട്ട രേഖകളും റിക്കാർഡുകളും പരിശോധിച്ചതിൻ പ്രകാരവും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ വായന (2) റിപ്പോർട്ട് പരിഗണിച്ചും വായന (1) അപ്പീൽ അപേക്ഷയിന്മേൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 36-ൽ റീസർവ്വെ നമ്പർ 782/28-ൽ ഉൾപ്പെട്ട വസ്തുവിന്റെ ന്യായവില പുനർനിർണ്ണയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വായന (1) പ്രകാരം ശ്രീ. ജോൺ & ശ്രീമതി ലിസിക്കുട്ടി എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ചും, നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 36-ൽ റീസർവ്വെ നമ്പർ 782/28-ൽ ഉൾപ്പെട്ട വസ്തുവിനെ Residential Plot with Corporation/Municipality/Panchayath Road Access എന്ന മൂന്നാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആർ ഒന്നിന് ₹ 2,34,375 (രണ്ടു ലക്ഷത്തി മുപ്പത്തി നാലായിരത്തി മുന്നൂറ്റി എഴുപത്തി അഞ്ച് രൂപ)-ം ആയത് നാളത് വർദ്ധനവോട് കൂടി ആറൊന്നിന് ₹ 6,18,750 (ആറു ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ)-ം ന്യായവില നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

കളക്ടറേറ്റ്, (ഒപ്പ്)
തിരുവനന്തപുരം. ജില്ലാ കളക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ : Anu Kumari I A S)

No. DCTVM/8561/2025-B20. 2025 ജൂലൈ 22.

വിഷയം :—ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിന്മേലുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

വായന:—(1) ശ്രീമതി റീത്ത ശശിധരൻ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

(2) തിരുവനന്തപുരം സബ് കളക്ടറുടെ 19-5-2025-ലെ K2-1688/2024 നമ്പർ കത്ത്.

വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീ സർവ്വെ നമ്പർ 78/1-2, 78/1-3, 78/1-4, 78/24-ൽ ഉൾപ്പെട്ട വസ്തുവിന് നിശ്ചയിച്ചിട്ടുള്ള ന്യായവില കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾ 1995 പ്രകാരം പുനഃപരിശോധിച്ച് കുറവ് ചെയ്ത് നൽകുന്നതിനായി ശ്രീമതി റീത്ത ശശിധരൻ വായന (1) പ്രകാരം ഈ കാര്യാലയത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു. നിലവിലെ റിക്കാർഡുകൾ പ്രകാരം, അപേക്ഷാ വസ്തുവിനെ ഒന്നാം ഗണത്തിൽ ഉൾപ്പെടുത്തി ₹2,11,200 ന്യായവില നിശ്ചയിച്ചിട്ടുള്ളതായി കണ്ടെത്തി. തുടർന്ന് കക്ഷിയുടെ അപേക്ഷയിന്മേൽ, തിരുവനന്തപുരം സബ് കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് വായന (2) പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീ സർവ്വെ നമ്പർ 78/1-2, 78/1-3, 78/1-4, 78/24-ൽ ഉൾപ്പെട്ട വസ്തു 21379, 24904, 27669 നമ്പർ തണ്ടപ്പേർ പ്രകാരം അപേക്ഷകയുടെ കൈവശത്തിലും, കരം തീരുവയിലുമാണെന്നും, ടി വസ്തുവിന് ആർ ഒന്നിന് ₹1,50,000 വരെ കമ്പോളവില ഉള്ളതായി കാണുന്നുവെന്നും, അപേക്ഷ ഭൂമിയുടെ സമാന സമീപ വസ്തുക്കളായി റീ സർവ്വെ 4/1, 4/2, 4/3-ൽ ഉൾപ്പെട്ട ഭൂമിയെ പരിഗണിക്കാമെന്നും, അതുപ്രകാരം അപേക്ഷ വസ്തുവിനെ ഏഴാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആറൊന്നിന് ₹40,000 (നാല്പതിനായിരം രൂപ), ആയത് നാളതു വർദ്ധനവോടു കൂടി ആറൊന്നിന് ₹1,05,600 (ഒരു ലക്ഷത്തി അയ്യായിരത്തി അറുന്നൂറ് രൂപ)-ം ന്യായവില നിശ്ചയിക്കാമെന്നും വായന (2) ശിപാർശ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

തുടർന്ന് അപ്പീൽ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി അപ്പീൽ കക്ഷിയെ 17-7-2025-ൽ നേരിൽ കേൾക്കുകയും, മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബന്ധപ്പെട്ട രേഖകളും റിക്കാർഡുകളും പരിശോധിച്ചതിൻ പ്രകാരവും തിരുവനന്തപുരം സബ് കളക്ടറുടെ വായന (2) റിപ്പോർട്ട് പരിഗണിച്ചും വായന (1) അപ്പീൽ അപേക്ഷയിൻമേൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീസർവ്വേ നമ്പർ 78/1-2, 78/1-3, 78/1-4, 78/24-ൽ ഉൾപ്പെട്ട വസ്തുവിന്റെ ന്യായവില പുനർ നിർണ്ണയിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വായന (1) പ്രകാരം ശ്രീമതി റീത്ത ശശിധരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ചും വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീസർവ്വേ നമ്പർ 78/1-2, 78/1-3, 78/1-4, 78/24-ൽ ഉൾപ്പെട്ട വസ്തുവിനെ Garden Land Without Road Access എന്ന ഏഴാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആറൊന്നിന് ₹40,000 (നാല്പതിനായിരം രൂപ)-ം, ആയത് നാളതു വർദ്ധനവോടുകൂടി ആറൊന്നിനു ₹1,05,600 (ഒരു ലക്ഷത്തി അയ്യായിരത്തി അറുന്നൂറ് രൂപ)-ം ന്യായവില നിശ്ചയിച്ചു ഇതിനാൽ ഉത്തരവാകുന്നു.

കളക്ടറേറ്റ്, (ഒപ്പ്)

തിരുവനന്തപുരം. ജില്ലാ കളക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : സുരേഷ് ബാബു, ജി.)

നമ്പർ RDOPLR/960/2024-F. 2025 ആഗസ്റ്റ് 7.

വിഷയം:—സർക്കാർ വസ്തു എന്ന് ന്യായവില രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ന്യായവില/ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീമതി ഷീബ, ഹാജിറ ബീവി മകൾ, മൈലാടുംപാറ തെക്കേതിൽ, കാര്യറ മുറി, വിളക്കുടി എന്നവർ സമർപ്പിച്ച അപേക്ഷ.

(2) പത്തനാപുരം തഹസിൽദാരുടെ 21-7-2025 തീയതിയിലെ TLKPTM/654/2024-B6 നമ്പർ റിപ്പോർട്ട്.

(3) വിളക്കുടി വില്ലേജ് ഓഫീസറുടെ 22-1-2024, 7-7-2025 എന്നീ തീയതികളിലെ 31/2024, VOVLDY/450/2025-1 നമ്പർ റിപ്പോർട്ടുകൾ.

(4) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5(4).

(5) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3-54647 നമ്പർ പരിപത്രം.

(6) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി. ഡി.

(7) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി. ഡി. (S.R.O. No. 186/2018).

(8) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി. ഡി. (S.R.O. No. 311/2019).

(9) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി. ഡി. (S.R.O. No. 266/2020).

(10) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി. ഡി. (S.R.O. No. 305/2022).

(11) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി. ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ പത്തനാപുരം താലൂക്കിൽ വിളക്കുടി വില്ലേജിലെ സർവ്വേ നമ്പർ 156/170-2-ൽപ്പെട്ട സ്ഥലത്തിന്റെ ഫെയർ വാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ പുനർ നിർണ്ണയിക്കുന്നതിന് ശ്രീമതി ഷീബ എന്നവർ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിൻമേൽ പത്തനാപുരം തഹസിൽദാർ, വിളക്കുടി വില്ലേജ് ഓഫീസർ എന്നിവർ യഥാക്രമം സൂചന (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

പുനലൂർ സബ് രജിസ്ട്രാർ ഓഫീസിലെ 4865/1994 നമ്പർ ധനനിശ്ചയ ആധാര പ്രകാരം അപേക്ഷകയുടെ മാതാവ് പരേതയായ ഹാജിറാ ബീവി പേരിൽ വിളക്കുടി വില്ലേജിലെ സർവ്വേ നമ്പർ 156/170-2-ൽപ്പെട്ട 8.30 ആർ സ്ഥലത്തിന് അവകാശം ലഭിച്ചിട്ടുള്ളതും വിളക്കുടി വില്ലേജിലെ 20915 നമ്പർ തണ്ടപ്പേരിൻപടി കരം ഒടുക്കി വരുന്നതുമായ പുരയിടം ഇനത്തിൽപെട്ട വസ്തുവാണ്. ടി സ്ഥലം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സെറ്റിൽമെന്റ് പ്രകാരം സർവ്വേ നമ്പർ 156/1-1-ൽപ്പെട്ട സർക്കാർ തരിശ്ശായി രേഖപ്പെടുത്തി വന്നിട്ടുള്ളതാണെന്നും ഹാജിറാ ബീവിയുടെ മുൻഗാമിയായ രശവ് മീരാൻ റാവുത്തർക്ക് പത്തനാപുരം താലൂക്ക് ഓഫീസിലെ 254/65 നമ്പർ പട്ടയ പ്രകാരം 41 സെന്റ് വസ്തുവിന് അവകാശം ലഭിച്ചിട്ടുള്ള താണ് എന്നും ന്യായവില രജിസ്റ്ററിലെ സർക്കാർ എന്ന് രേഖപ്പെടുത്തിയ ഫെയർവാല്യൂ അപാകത പരിഹരിക്കുന്നതിലേക്കായിട്ടാണ് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും സൂചന (2), (3) റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. പട്ടയ പ്രകാരം ടി സ്ഥലം ലഭിച്ചിട്ടുള്ളതായ പതിവ് രജിസ്റ്റർ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുള്ളതാണ്. ബി ടി ആർ പ്രകാരം അപേക്ഷ വസ്തു ഉൾപ്പെട്ട സർവ്വേ നമ്പർ 156/1/1-170-ൽപ്പെട്ട വസ്തു സർക്കാർ തരിശായി കാണുന്നു.

2010-ൽ ഫെയർ വാല്യൂ രജിസ്റ്റർ പ്രകാരം അപേക്ഷ സ്ഥലം ഉൾപ്പെട്ടുവരുന്ന 156/1/1/170 എന്ന സർവ്വേ നമ്പറിന് ഒരു ആർ-ന് ₹ 16,055 ന്യായവിലയും Government Property എന്ന ക്ലാസിഫിക്കേഷനും നല്കിയിട്ടുള്ളതാണ്. അപേക്ഷ വസ്തുവിന്റെ കിഴക്ക് ഭാഗത്തുള്ള മൂന്ന് അടി നടവഴി ടി വസ്തുവിന്റെ വടക്ക് വശത്തുള്ള സർക്കാർ വസ്തുവിലൂടെ പഞ്ചായത്ത് റോഡിലേക്ക് പ്രവേശന സൗകര്യമുള്ളതും ടി അപേക്ഷ വസ്തുവിന് റോഡ് സാമീപ്യം ഇല്ലാത്തതാണ് എന്നും റിപ്പോർട്ടിലും ഗ്രൂപ്പ് സ്കെച്ചിലും മഹസറിലും രേഖപ്പെടുത്തി കാണുന്നു. അപേക്ഷ വസ്തുവിൽ ഒരു കോൺക്രീറ്റ് കെട്ടിടം, കുഴൽ കിണർ എന്നിവയും നട്ട് ദേഹണ്ഡങ്ങളായി റബ്ബർ, പ്ലാവ്, ആഞ്ഞിലി, വാഴ എന്നിവ നിൽക്കുന്നതുമാണെന്ന് മഹസർ, റിപ്പോർട്ട് എന്നിവയിൽ കാണുന്നു.

അപേക്ഷ വസ്തു പട്ടയപ്രകാരം ലഭിച്ച വസ്തുവിൽ നിന്നും ആധാര പ്രകാരം സ്വകാര്യ ഭൂമിയായതിനാൽ ടി അപേക്ഷ സ്ഥലം ഉൾപ്പെട്ടുവരുന്ന 156/1/1/170 എന്ന മാതൃ സർവ്വേ നമ്പറിന് 2010-ലെ ന്യായവില രജിസ്റ്റർ പ്രകാരം നൽകിയിട്ടുള്ള ഒരു ആർ-ന് ₹ 16,055 ന്യായവില തന്നെ അനുവദിച്ച് നട വഴി സൗകര്യം മാത്രമുള്ളതിനാൽ Residential Plot without Road Access എന്ന ക്ലാസിഫിക്കേഷനും അനുവദിച്ച് ന്യായവില, ക്ലാസിഫിക്കേഷൻ അപാകത പരിഹരിച്ച് നൽകാമെന്നു സൂചന പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

അപേക്ഷ വസ്തു പട്ടയം ലഭിച്ച സ്ഥലത്ത് നിന്നും പോക്ക് വരവ് സബ് ഡിവിഷൻ പ്രകാരം വന്നിട്ടുള്ള വസ്തുവാണെന്നും ടി വസ്തുവിന് ന്യായവിലയും ക്ലാസിഫിക്കേഷനും അനുവദിച്ചു നൽകിയിട്ടില്ല എന്നും കാണുന്നു. മേൽ സാഹചര്യത്തിൽ പത്തനാപുരം തഹസിൽദാർ, വിളക്കുടി വില്ലേജ് ഓഫീസർ എന്നിവരുടെ ശുപാർശ അംഗീകരിച്ച് ന്യായവിലയും ക്ലാസിഫിക്കേഷനും അനുവദിച്ചു നൽകാമെന്ന് കാണുന്നു.

സൂചന (5) നിർദ്ദേശത്തിന്റെയും പത്തനാപുരം തഹസിൽദാരുടെയും വിളക്കുടി വില്ലേജ് ഓഫീസറുടെയും സൂചന (2), (3) ശുപാർശയുടെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ വിളക്കുടി വില്ലേജിൽ കരം ഒടുക്കി വരുന്ന സർവ്വേ നമ്പർ 156/170-2-ൽപ്പെട്ട വസ്തുവിന് ശരിയായ ക്ലാസിഫിക്കേഷനും അതിന് അനുസൃതമായ ന്യായവിലയും ചേർത്ത് വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

6-3-2010 വിജ്ഞാപനത്തിൽ സർക്കാർ വസ്തു എന്ന് ന്യായവില രജിസ്റ്ററിൽ രേഖപ്പെടുത്തി വന്നിട്ടുള്ളതും പട്ടയം ലഭിച്ചതുമായ സ്ഥലത്ത് നിന്നും പോക്ക് വരവ് സബ് ഡിവിഷൻ പ്രകാരം വന്നിട്ടുള്ള സ്ഥലത്തിന് ശരിയായ ന്യായവിലയും ക്ലാസിഫിക്കേഷനും അനുവദിച്ചു ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും വിലാസവും	താലൂക്ക്	വില്ലേജ്	സർവ്വേ നമ്പർ	6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില (ഒരു ആർ-ന്)
ശ്രീമതി ഷീബ, ഹാജിറ ബീവി മകൾ, മൈലാടും പാറ തെക്കേതിൽ, കാര്യറ മുറി, വിളക്കുടി തണ്ടപ്പേർ കക്ഷിയും ആധാര കക്ഷിയും മാതാവ് പരേതയായ ഹാജിറാ ബീവി	പുനലൂർ	വിളക്കുടി	156/170-2	ന്യായവില നിശ്ചയിച്ചിട്ടില്ല	Residential Plot without Road Access	₹ 16,055

പുനർ നിർണ്ണയിച്ച ന്യായവില സൂചന (6) മുതൽ (11) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'C'

[As per Rule 5(8) of The Kerala Stamp Act (Fixation of Fair Value of Land) Rules 1995]

NOTIFICATION

RDOIDK/641/*2025*-B1 *Dated:* 08/07/2025

Whereas, it is expedient to publish a Notification showing revised value of land as required under section 28A of the Kerala Stamp Act-1959, read with sub-rule (8) of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rule 1995, the Fair Value of the land in Resurvey Number 93/5, 93/6, 93/7, 93/9 of Karikkodu Village, Thodupuzha Taluk of Idukki District is hereby fixe as shown in the schedule here to :

SCHEDULE

Name of District	Name of Taluk	Name of Village, Block No., Survey No. and Sub-Division No.	Corporation / Municipality/ Panchayaht	Ward No. & Name	Classification by Use	Fair Value of the Land Fixed (per are)
1	2	3	4	5	6	7
Idukki	Thodupuzha	Karikkodu Block No. – 34 Re.Sy.No. – 93/5, 93/6, 93/7, 93/9	Edavetty Panchayath	Thondikuzha Kara	Wet Land	22,028/- Twenty Two thousand and Twenty Eight

Revenue Divisional Office
Idukki

Signed
Sub Collector, Idukki

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'C'

[As per Rule 5(8) of The Kerala Stamp Act (Fixation of Fair Value of Land) Rules 1995]

NOTIFICATION

RDOIDK/967/2024-B1 *Dated : 01/08*/2025

Whereas, it is expedient to publish a Notification showing revised value of land as required under section 28A of the Kerala Stamp Act-1959, read with sub-rule (8) of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rule 1995, the Fair Value of the land in Survey Number 13/1-1 of Velliyamattom Village, Thodupuzha Taluk of Idukki District is hereby fixe as shown in the schedule here to :

SCHEDULE

Name of District	Name of Taluk	Name of Village, Block No., Survey No. and Sub-Division No.	Corporation / Municipality/ Panchayaht	Ward No. & Name	Classification by Use	Fair Value of the Land Fixed (per are)
1	2	3	4	5	6	7
Idukki	Thodupuzha	Velliyamattom Block No. – 28 Sy.No. – 13/1-1	Kudayathoor Panchayath	Kudayathoor	Garden Land without Road Access	24,000/- Twenty Four Thousand

Revenue Divisional Office
Idukki

Signed
Sub Collector, Idukki

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'C'

[As per Rule 5(8) of The Kerala Stamp Act (Fixation of Fair Value of Land) Rules 1995]

NOTIFICATION

RDOIDK/355/*2025*-B1 *Dated:* 28/07/2025

Whereas, it is expedient to publish a Notification showing revised value of land as required under section 28A of the Kerala Stamp Act-1959, read with sub-rule (8) of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rule 1995, the Fair Value of the land in Survey Number 259/1 of Velliyamattom Village, Thodupuzha Taluk of Idukki District is hereby fixe as shown in the schedule here to :

SCHEDULE

Name of District	Name of Taluk	Name of Village, Block No., Survey No. and Sub-Division No.	Corporation / Municipality/ Panchayaht	Ward No. & Name	Classification by Use	Fair Value of the Land Fixed (per are)
1	2	3	4	5	6	7
Idukki	Thodupuzha	Velliyamattom Block No. – 27 Sy.No. – 259/1	Velliyamattom Panchayath	Velliyamattom Kara	Hill Tract without Road Access	14,600/- Fourteen Thousand and Six Hundred

Revenue Divisional Office
Idukki

Signed
Sub Collector, Idukki

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'C'

[As per Rule 5(8) of The Kerala Stamp Act (Fixation of Fair Value of Land) Rules 1995]

NOTIFICATION

RDOIDK/562/*2025*-B1 *Dated:* 09/06/2025

Whereas, it is expedient to publish a Notification showing revised value of land as required under section 28A of the Kerala Stamp Act-1959, read with sub-rule (8) of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rule 1995, the Fair Value of the land in Resurvey Number 353/39 of Arakkulam Village, Thodupuzha Taluk of Idukki District is hereby fixe as shown in the schedule here to :

SCHEDULE

Name of District	Name of Taluk	Name of Village, Block No., Survey No. and Sub-Division No.	Corporation / Municipality/ Panchayaht	Ward No. & Name	Classification by Use	Fair Value of the Land Fixed (per are)
1	2	3	4	5	6	7
Idukki	Thodupuzha	Arakkulam Block No. – 24 Re.Sy.No. – 353/39	Arakkulam Panchayath	14 Moolamattom	Residential plot With Cor/Mun/Pan Road access	60,000/- Sixty Thousand

Revenue Divisional Office
Idukki

Signed
Sub Collector, Idukki

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'C'

[As per Rule 5(8) of The Kerala Stamp Act (Fixation of Fair Value of Land) Rules 1995]

NOTIFICATION

RDOIDK/902/*2024*-B1 *Dated:* 06/08/2025

Whereas, it is expedient to publish a Notification showing revised value of land as required under section 28A of the Kerala Stamp Act-1959, read with sub-rule (8) of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rule 1995, the Fair Value of the land in Resurvey Number 13/5 of Velliyamattom Village, Thodupuzha Taluk of Idukki District is hereby fixe as shown in the schedule here to :

SCHEDULE

Name of District	Name of Taluk	Name of Village, Block No., Survey No. and Sub-Division No.	Corporation / Municipality/ Panchayaht	Ward No. & Name	Classification by Use	Fair Value of the Land Fixed (per are)
1	2	3	4	5	6	7
Idukki	Thodupuzha	Velliyamattom Block No. – 28 Re.Sy.No. – 13/5	Kudayathoor Panchayath	Kudayathoor	Garden Land without Road Access	26,028/- Twenty Six Thousand and Twenty Eight

Revenue Divisional Office
Idukki

Signed
Sub Collector, Idukki

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'C'

[As per Rule 5(8) of The Kerala Stamp Act (Fixation of Fair Value of Land) Rules 1995]

NOTIFICATION

RDOIDK/367/*2025*-B1 *Dated:* 30/04/2025

Whereas, it is expedient to publish a Notification showing revised value of land as required under section 28A of the Kerala Stamp Act-1959, read with sub-rule (8) of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rule 1995, the Fair Value of the land in Survey Number 396/12 of Manakkad Village, Thodupuzha Taluk of Idukki District is hereby fixe as shown in the schedule here to :

SCHEDULE

Name of District	Name of Taluk	Name of Village, Block No., Survey No. and Sub-Division No.	Corporation / Municipality/ Panchayaht	Ward No. & Name	Classification by Use	Fair Value of the Land Fixed (per are)
1	2	3	4	5	6	7
Idukki	Thodupuzha	Manakkad Block No. – 10 Sy.No. – 396/12	Manakkad Panchayath	-	Residential plot With Private Road Access	26,000/- Twenty Sixty Thousand

Revenue Divisional Office
Idukki

Signed
Sub Collector, Idukki

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'C'

[As per Rule 5(8) of The Kerala Stamp Act (Fixation of Fair Value of Land) Rules 1995]

NOTIFICATION

RDOIDK/396/*2025*-B1 *Dated:* 19/04/2025

Whereas, it is expedient to publish a Notification showing revised value of land as required under section 28A of the Kerala Stamp Act-1959, read with sub-rule (8) of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rule 1995, the Fair Value of the land in Survey Number 264/5 of Thankamany Village, Idukki Taluk of Idukki District is hereby fixe as shown in the schedule here to :

SCHEDULE

Name of District	Name of Taluk	Name of Village, Block No., Survey No. and Sub-Division No.	Corporation / Municipality/ Panchayaht	Ward No. & Name	Classification by Use	Fair Value of the Land Fixed (per are)
1	2	3	4	5	6	7
Idukki	Idukki	Thankamany Block No. – 43 Sy.No. – 264/5	Kamakshy	-	Residential plot With Cor/Mun/Pan Road access	50,000/- Fifty Thousand Only

Revenue Divisional Office
Idukki

Signed
Sub Collector, Idukki

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ- RDOTSR/10090/2024-B1 തിയതി -4/8/2025

നോട്ടീസ്

തൃശ്ശൂർ ജില്ല ചാവക്കാട് താലൂക്ക് ഗുരുവായൂർ വില്ലേജ് സർവ്വെ 117/8 ൽ ൽ പെട്ട 12 സെന്റ് നി. കെ ഭൂമി പട്ടയഭൂമിയാക്കി മാറ്റി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി ഉണ്ണികൃഷ്ണൻ മുതൽ പേർ, രായിരംപറമ്പത്ത് വീട്, പടിഞ്ഞാറേ നട, ഗുരുവായൂർ എന്നവർ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി ടിയാന്റെ പേരിൽ MLR ആക്ട്ട് പ്രകാരം രജിസ്റ്റർ ചെയ്യ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തിയ തിയതി മുതൽ 60 ദിവസത്തിനകം മതിയായ തെളിവുകൾ സഹിതം തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
തൃശ്ശൂർ - 680 003

ഒപ്പ്/-

സബ് കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ- RDOTSR/4270/2025-B1

നോട്ടീസ്

****

ചാവക്കാട് താലൂക്ക് ഒരുമനയൂർ വില്ലേജ് സർവ്വെ 66/9 ൽ പെട്ട 0.1214 ഹെക്ടർ നി. കെ ഭൂമി പട്ടയഭൂമിയാക്കി മാറ്റി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി കൊല്ലംകുഴിയിൽ ഹുസൈൻകുട്ടി ഭാര്യ സൈറാബാനു എന്നവർ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി ടിയാന്റെ പേരിൽ MLR ആക്ട്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തിയ തിയതി മുതൽ 60 ദിവസത്തിനകം മതിയായ തെളിവുകൾ സഹിതം തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
തൃശ്ശൂർ - 680 003
തിയ്യതി -6.8.2025

ഒപ്പ്/-
സബ് കളക്ടർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.12 11:02:46 +05:30